# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണിമല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം-പി11/1489/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 10/02/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണിമല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണിമല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണിമല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം-പി11/1489/21 തീയ്യതി: 10/02/2022

## കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 02-11-2021 | 17-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 02-11-2021 | 17-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പി.ജി.പ്രസാദ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ദർശന വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷാജിമോൻ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ബാബുരാജ് കെ.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ജാസ്മിൻ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആൻസി സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| ജെയിംസ് പി.സൈമൺ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| രേണുകാദേവി അമ്മാൾ എസ്. | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ഷോളി ഫിലിപ്പ്, | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-06-2020 | 30-06-2020 |
| രേണുകാദേവി അമ്മാൾ എസ്. | സെക്രട്ടറി | 01-07-2020 | 25-02-2021 |
| ഷിജുകുമാർ സി | സെക്രട്ടറി | 26-02-2021 | 03-03-2021 |
| ഷോളി ഫിലിപ്പ്, | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷോളി ഫിലിപ്പ് | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| സിമി ഇബ്രാഹിം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജ്യോതിസ് കെ.എം | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| അരുൺ എൻ.എസ് | വി.ഇ.ഒ.,മണിമല | 01-04-2020 | 26-09-2020 |
| സുബിൻ ബാബു.കെ | വി.ഇ.ഒ.,മണിമല | 27-09-2020 | 31-03-2021 |
| ജിസാ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| പാർവതി വി | അസി.എഞ്ചിനീയർ | 01-04-2020 | 14-07-2020 |
| അജികുമാർ കെ .സി | അസി.എഞ്ച്നീയർ | 15-07-2020 | 16-09-2020 |
| ഷെറിൻ അമ്പിളി ജെയിംസ് | അസി.എഞ്ജിനീയർ | 18-09-2020 | 31-03-2021 |
| മോളമ്മ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 05-11-2020 |
| ശോഭനകുമാരി എം .പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 06-11-2020 | 31-03-2021 |
| ഡോ.മുഹമ്മദ്ആസിഫ് | മെഡിക്കൽ ആഫീസർ, പി.എച്ച്.സി.,മണിമല | 01-04-2020 | 31-03-2021 |
| പ്രേമോൾ ദാസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jasmine (Auditor, On 11-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jasmine (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: K.B.Baburaj (Auditor, On 15-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-02-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം.<br>Written By: Prasad P G (Audit Officer, On 13-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-02-2022) | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: K.B.Baburaj (Auditor, On 16-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Jasmine (Auditor, On 11-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Jasmine (Auditor, On 11-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Prasad P G (Audit Officer, On 18-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jasmine (Auditor, On 11-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-10 |
| 11 | കെ.എസ്.ഇ.ബി. മണിമല -33 KV സബ്സ്റ്റേഷൻ & സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ ക്രമവത്കരണം /അനധികൃത നിർമ്മാണത്തിൽ നടപടി സ്വീകരിക്കൽ-അന്യായമായ കാലതാമസം-<br>Written By: K.B.Baburaj (Auditor, On 18-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-11 |
| 12 | ഡവലപ്മെന്റ് പെർമിറ്റ് -കെട്ടിടനിർമ്മാണം- തുടർ നിരീക്ഷണം ഇല്ല<br>Written By: K.B.Baburaj (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-12 |
| 13 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം- ചട്ടങ്ങൾ പാലിച്ചില്ല<br>Written By: K.B.Baburaj (Auditor, On 18-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-13 |
| 14 | മണിമല കാർഷിക ലേല വിപണി കെട്ടിടം - പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയില്ല<br>Written By: K.B.Baburaj (Auditor, On 18-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-14 |
| 15 | മണിമല പൊതു മാർക്കറ്റ് - ശോച്യാവസ്ഥയിൽ.<br>Written By: K.B.Baburaj (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-15 |
| 16 | പട്ടികജാതി വിഭാഗം വനിതകൾക്ക് വേണ്ടിയുള്ള വിപണന | 1-16 |

| | | |
|---|---|---|
| | പരിശീലനകേന്ദ്രം(ഷീ കോംപ്ലക്സ്)-വികസനഫണ്ടിൽ നിന്ന് അധികതുക പിൻവലിച്ചു.<br>Written By: Prasad P G (Audit Officer, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | |
| 17 | ഇ-ടെന്റർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല.<br>Written By: Prasad P G (Audit Officer, On 16-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-17 |
| 18 | സ്ട്രീറ്റ് ലൈറ്റ് മെയ്യന്റനൻസ് പ്രോജക്റ്റ് --അപാകതകൾ<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-18 |
| 19 | ആലപ്ര സ്കൂളിലെ കുഴൽകിണറിന് സ്ഥാപിച്ച മോട്ടോർ പ്രവർത്തനരഹിതം.<br>Written By: Prasad P G (Audit Officer, On 16-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-19 |
| 20 | ക്ഷേമപെൻഷനുകൾ അനർഹമായ കാലയളവിൽ വിതരണം ചെയ്തു.<br>Written By: Jasmine (Auditor, On 17-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-02-2022) | 1-20 |
| 21 | ബാരൽവില, ജി.എസ്.ടി അടവാക്കിയില്ല.<br>Written By: Prasad P G (Audit Officer, On 18-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-21 |
| 22 | വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-02-2022) | 1-22 |
| 23 | അങ്കണവാടികൾ - അപര്യാപ്തതകൾ.<br>Written By: Prasad P G (Audit Officer, On 17-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-02-2022) | 1-23 |
| 24 | ആശ്രയ പദ്ധതി- പിൻവലിച്ച തുക ചെലവഴിച്ചിട്ടില്ല<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-24 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- മതിയായ രേഖകളില്ലാതെ വിതരണം ചെയ്തു.<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-02-2022) | 1-25 |
| 26 | ഭവനപുനരുദ്ധാരണം (എസ്.സി.പി)) -പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ.<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-26 |
| 27 | എസ്.എസ്.എ, വിഹിതം നൽകൽ വിനിയോഗ വിവരം /തുടർ വിവരങ്ങൾ ലഭ്യമല്ല<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 18-01-2022) | 1-27 |
| 28 | എ.ബി.സി. പ്രോഗ്രാം-കൃത്യമായ വിവരങ്ങൾ ഇല്ല.<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-28 |
| 29 | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.<br>Written By: Jasmine (Auditor, On 15-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-29 |
| 30 | ഹോമിയോ മരുന്നു വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-30 |
| 31 | അമ്പലക്കടവ് കരിമ്പനക്കളം നീർത്തട പശ്ചിമ ഘട്ടവികസന പദ്ധതി<br>Written By: P B Shajimon (Auditor, On 18-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-31 |
| 32 | പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ നൽകൽ | 1-32 |

| | | |
|---|---|---|
| | -നിർവഹണത്തിലെ അപാകത.<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | |
| 33 | രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ -നടപടിക്രമങ്ങൾ പാലിക്കാത്തത്.<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-33 |
| 34 | വി.ഇ.ഒ. നിർവ്വഹണം നടത്തിയ ഭവന നിർമ്മാണ /ഭവനപുനരുദ്ധാരണപ്രോജക്ടുകൾ - നിർവഹണത്തിലെ അപാകതകൾ.<br>Written By: P B Shajimon (Auditor, On 17-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 18-01-2022) | 1-34 |
| 35 | കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾ.<br>Written By: Prasad P G (Audit Officer, On 18-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 15-01-2022) | 1-35 |
| 36 | വിതരണം ചെയത് ലൈബ്രറി പുസ്തകങ്ങൾ തിരികെ ലഭിച്ചിട്ടില്ല<br>Written By: Prasad P G (Audit Officer, On 18-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 18-01-2022) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Jasmine (Auditor, On 11-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 18-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasmine (Auditor, On 11-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ.<br>Written By: Prasad P G (Audit Officer, On 13-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 18-01-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 18-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 18-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-02-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Sinimol Francis (Computer Assistant, On 18-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-02-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasmine (Auditor, On 12-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ്25.032020 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 11.02.2021 ലെ 1(1)നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 15862740 | 18345275 |
| വരവ് | 153914665 | 73232176 |
| ആകെ | 169777405 | 91577451 |
| ചെലവ് | 159540282 | 76757466 |
| നീക്കിയിരിപ്പ് | 10237123 | 14819985 |

### 1-2 വാർഷിക ധനകാര്യ പത്രിക

മണിമല ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 146373010/- രൂപയും ചെലവ് 147449497/- രൂപയും ( പ്രയർ പീരിയഡ് ഉൾപ്പെടെ) തൻവർഷ പ്രവർത്തന നഷ്ടം 1076487/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 60990265/- രൂപയും ബാധ്യതകളുടെ മൂല്യം 17578018/- രൂപയും ജനറൽ ഫണ്ട് 43412247/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| എസ്.ബി.ഐ. മണിമല ,(A/c നം.67382295897) | 812393 | 29/07/2020 | 2085 |
| | 479230 | 30/06/2020 | 750 |
| | 479204 | 20/05/2020 | 22800 |
| | 479205 | 20/05/2020 | 5600 |
| | 598393 | 31/12/2018 | 220 |
| | 758277 | 23/05/2017 | 560 |
| | 803795 | 30/12/2019 | 2294 |

'Liability In Respect Of Stale Cheque' എന്ന ശീർഷകത്തിലുൾപ്പെടുത്തിയിട്ടുള്ള 27405/-രൂപ വെറ്ററിനറി സർജന് നൽകിയ 1835598, 1835599 (തീയതി.30.3.2015) നമ്പർ ചെക്കുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ടതാണ് എന്ന് കാണുന്നു. മുൻ വർഷങ്ങളിലും ഇതേ തുക മാത്രമാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

3. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക

കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4. ബാലൻസ് ഷീറ്റിലെ ബി- 4 ഷെഡ്യൂളിലെ പല പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും നീക്കിയിരിപ്പ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. 320100115, 320100121, 320100, 320100204, 320100205 എന്നീ ശീർഷകങ്ങളിലെ എല്ലാ വരവുകളും ചെലവുകളും വാർഷികധനകാര്യ പത്രികയിൽ പ്രതിഫലിയ്ക്കുന്നില്ല.

5. തൊഴിൽ നികുതി, ലൈസൻസ് അക്രുവൽ വരവുകളുടെ മുൻകുറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

6. ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ 1-18 ഷെഡ്യൂൾ പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകയുടെ വിശദാംശം സംബന്ധിച്ച് നോട്ട് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

7) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

8) കെ.യു.ആർ.ഡി.എഫ്.സി. ലോൺ (ലൈഫ് ഭവനപദ്ധതി) വായ്പ തൻവർഷ വരവ്, തിരിച്ചടവ് തുകകളിൽ വാർഷിക കണക്കിൽ 1,00,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നത് വിശദീകരിക്കേണ്ടതാണ്.

9) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18345275 |
| ഓഡിറ്റ് വർഷത്തെ വരവ് | 73232176 |
| ആകെ | 91577451 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 76757466 |
| നീക്കിയിരിപ്പ് | 14819985 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4308467 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഇനം | മുന്നിരിപ്പ് | അലോട്ട് മെന്റ്/വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതു വിഭാഗം | 0 | 11851875 | 11851875 | 11172355 | 679520 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11322000 | 11322000 | 11221367 | 100633 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 533000 | 533000 | 448520 | 84480 |
| ധന.കമ്മീഷൻ ഗ്രാന്റ്, (ടൈഡ്) | 0 | 4610000 | 4610000 | 1515560 | 3094440 |
| ധന.കമ്മീഷൻ ഗ്രാന്റ്, | 0 | 9655344 | 9655344 | 4385241 | 5270103 |

| | | | | | |
|---|---|---|---|---|---|
| (അൺടൈഡ്) | | | | | |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡിതരം) | 0 | 3456681 | 3456681 | 2003175 | 1453506 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡ്) | 0 | 14980000 | 14980000 | 132771081 | 1208919 |
| കേന്ദ്രാവിഷ്കൃത പദ്ധതി(TSC) | 0 | 4547400 | 4547400 | 1140600 | 3406800 |
| എം.ജി.എൻ.ആർ.ഇ.ജി. എസ്. | 0 | 134065657 | 134065657 | 10896303 | 123169354 |
| ഐ.സി.ഡി.എസ് | 0 | 11821050 | 11821050 | 2260150 | 9560900 |
| സ്വച്ഛ ഭാരത മിഷൻ | 0 | 1400000 | 1400000 | 0 | 1400000 |
| ശുചിത്വമിഷൻ | 42697 | 2753648 | 2796345 | 205440 | 2590905 |
| ലൈഫ് മിഷൻ പ്രോഗ്രാം | 0 | 128510550 | 128510550 | 9611400 | 118899150 |
| മത്സ്യസമൃദ്ധി | 0 | 690000 | 690000 | 145833 | 544167 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1460682/-രൂപ, 131726/-രൂപ, 29333/-രൂപ വീതം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 290/21<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 379600 | വികസനഫണ്ട് പൊതുവിഭാഗം |
| 294/21<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 379600 | വികസനഫണ്ട് പൊതുവിഭാഗം |
| 311/21<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 379600 | വികസനഫണ്ട് പൊതുവിഭാഗം |
| 310/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 160941 | വികസനഫണ്ട് പൊതുവിഭാഗം |
| 312/21<br>ലൈഫ് മിഷൻ വായ്പ മുതൽ | 160941 | വികസനഫണ്ട് പൊതുവിഭാഗം |

| | | |
|---|---|---|
| തിരിച്ചടവ് (ജനറൽ ) | | |
| ആകെ | 1460682 | |
| 313/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( എസ്.സി.പി. ) | 65863 | വികസനഫണ്ട് എസ്.സി.പി. |
| 315/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( എസ്.സി.പി.) | 65863 | വികസനഫണ്ട് എസ്.സി.പി. |
| ആകെ | 131726 | |
| 314/21 | 14666 | വികസനഫണ്ട് റ്റി.എസ്.പി. |
| 316/21<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( റ്റി.എസ്.പി.) | 14667 | വികസനഫണ്ട് റ്റി.എസ്.പി. |
| ആകെ | | 29333 |

## 1-5 വാർഷികപദ്ധതി അവലോകനം.

2020-21 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആസൂത്രണസമിതി 31-12-2019 ലും വർക്കിംഗ് ഗ്രൂപ്പ് 11.01.2020 ലും യോഗം ചേരുകയുണ്ടായി. പദ്ധതി രൂപീകരണ ഗ്രാമസഭ 23-01-2020 മുതൽ 09-02-2020 വരെയുള്ള കാലയളവിൽ ചേർന്ന് പദ്ധതിനിർദ്ദേശങ്ങൾ ചർച്ചചെയ്തു.26-02-2020 ലെ വികസന സെമിനാറിൽ പദ്ധതി നിർദ്ദേശങ്ങൾ അവതരിപ്പിച്ചു. ഇപ്രകാരം വിവിധതലങ്ങളിലെ ചർച്ചകൾക്കും വിശകലനങ്ങൾക്കും ശേഷം ഉരുത്തിരിഞ്ഞ വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 28-01-2021 ലെ 80898/20/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 2305000 | 2229000 |
| 2 | വെറ്ററിനറി സർജൻ | 9 | 9 | 5687400 | 4237199 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 2 | 2 | 950000 | 940150 |
| 4 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 690000 | 145833 |
| 5 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ 1 | 11 | 7 | 19631250 | 7474903 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 4917150 | 3834450 |

| | | | | | |
|---|---|---|---|---|---|
| 7 | സെക്രട്ടറി | 37 | 32 | 8359759 | 6748271 |
| 8 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ 2 | 13 | 10 | 17327919 | 8655840 |
| 9 | അസിസ്റ്റന്റ് എൻജിനീയർ | 129 | 83 | 37553907 | 20459565 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 700000 | 700000 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി. | 12 | 12 | 1737491 | 1424739 |
| | ആകെ | 228 | 168 | 99859876 | 56849950 |

അംഗീകാരം ലഭിച്ച ആകെ പ്രോജക്ടുകളിൽ 60 എണ്ണം നടപ്പിലാക്കിയില്ല. കൂടാതെ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽ 57ശതമാനം മാത്രമാണ് ചെലവഴിച്ചത്. വകയിരുത്തുന്ന തുകയെക്കാൾ വളരെ കുറച്ചുമാത്രം ചെലവഴിക്കുന്നതിൽ നിന്ന് തുകയുടെ ലഭ്യതക്ക് ആനുപാതികമായല്ല പ്രോജക്ടുകൾ തയ്യാറാക്കുന്നതെന്നാണ് വ്യക്തമാകുന്നത്. സ്പിൽ ഓവറായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പോലും പൂർത്തീകരിക്കുന്നില്ല. അംഗീകാരം ലഭിച്ചവയിൽ 15സ്പിൽ ഓവർ പ്രോജക്ടുകൾ 2020-21 ൽ നടപ്പാക്കിയില്ല.

13-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ , സാമൂഹ്യനീതി, സാമ്പത്തികവളർച്ച എന്നിവ സാധിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ ജനങ്ങളെ സജ്ജരാക്കാൻ പാകത്തിലുള്ള പ്രോജക്ടുകളാണ് വാർഷികപദ്ധതിയിൽ രൂപീകരിച്ച് നടപ്പാക്കാൻ ശ്രമിച്ചത്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളെ വാർഷിക പദ്ധതിയുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. കൃഷി, മൃഗസംരക്ഷണം മേഖലകളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ ലക്ഷ്യം ഹരിതകേരള മിഷന്റെ ആശയവുമായി യോജിക്കുന്നു.

ലൈഫ് ഭവനപദ്ധതി, ബയോഗ്യാസ് പ്ലാന്റ്, ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട പ്രോക്ടുകൾ എന്നിവ വാസയോഗ്യമായ ഭവനം, മാലിന്യനിർമ്മാർജനം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ ലക്ഷ്യങ്ങൾ നേടുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടുകളാണ്. സ്ത്രീകൾ, കുട്ടികൾ, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ, എസ്.സി,എസ്.ടി വിഭാഗങ്ങൾ എന്നിവർക്ക് സേവനം നല്കാനായി ആവിഷ്കരിച്ച പ്രോജക്ടുകളാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസി.സെക്രട്ടറി എന്നിവർ നടപ്പിലാക്കിയത്. ആയുർവേദാശുപത്രി, ഹോമിയോ ആശുപത്രി എന്നിവയിലേക്ക് മരുന്ന് വാങ്ങൽ, പൈപ്പ് ലൈൻ നീട്ടുന്നതിനായി വാട്ടർ അതോറിട്ടി കുഴൽകിണറുകളുടെ മെയിന്റനൻസ്,കുഴൽകിണർനിർമ്മാണം എന്നിവയ്ക്കായി ഭൂജലവകുപ്പ്, മണിമല കുടുംബാരോഗ്യകേന്ദ്രത്തിന് വൈദ്യുതി കണക്ഷന് വേണ്ടി ഇലക്ട്രിസിറ്റി ബോർഡിൽ തുക നിക്ഷേപിക്കൽ, തെരുവ് വിളക്ക് പരിപാലനം എന്നിങ്ങനെയുള്ള പ്രവൃത്തികളുടെ നിർവഹണം സെക്രട്ടറി നടത്തിയിട്ടുണ്ട്. നിക്ഷേപ പ്രവൃത്തികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല.

റോഡുകളുടെ കോൺക്രീറ്റിംഗാണ് മരാമത്ത് പ്രവൃത്തികളിൽ നടപ്പാക്കിയവയിലേറെയും. കൂടാതെ ടാറിംഗ് പ്രവൃത്തികൾ, പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ അനുബന്ധസൗകര്യമൊരുക്കൽ,പട്ടികജാതി വനിതകൾക്ക് വേണ്ടി വിപണന പരിശീലന കേന്ദ്രം നിർമ്മാണം,സ്കൂളുകളുടെ റൂഫിംഗ്,മെയിന്റനൻസ്, മണിമല പി.എച്ച്.സി മെയിന്റനൻസ് തുടങ്ങിയ പ്രവൃത്തികളും നടപ്പാക്കി. ഒരേ പേരിൽ തന്നെ സ്പിൽഓവറായും പുതിയ പ്രോജക്ടുകളായും വർഷാവർഷം റോഡ് പ്രവൃത്തി ഏറ്റെടുക്കുന്നതിൽ നിന്നും ഒരു പ്രവൃത്തിയും പൂർത്തീകരിക്കാൻ ഉതകുംവിധമുള്ള പ്രോജക്ടുകളല്ല തയ്യാറാക്കുന്നതെന്ന് വ്യക്തമാവുന്നു. കെട്ടിടനിർമ്മാണ പ്രോജക്ടുകളിൽ കെട്ടിടം പ്രയോജനപ്പെടുത്താനാവശ്യമായ ഇലക്ട്രിഫിക്കേഷൻ, ടോയ്‌ലെറ്റ് സംവിധാനങ്ങൾ, പ്ലംബിംഗ് എന്നിവ ഉൾപ്പെടെയല്ല തയ്യാറാക്കി നടപ്പാക്കുന്നത്. പ്രോജക്ട് തുകകൾ വാർഡടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ തയാറാക്കുന്നതുമൂലം തുച്ഛമായ തുക മാത്രം

വകയിരുത്തുന്ന സാഹചര്യവും പ്രോജക്ട് പല വർഷങ്ങൾ കഴിഞ്ഞാലും ഫലപ്രാപ്തിയിലെത്താത്ത സാഹചര്യവും നിലനിൽക്കുന്നു. കൂടാതെ പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി,കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത, തുടർപുരോഗതിയുടെ സാദ്ധ്യത എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ മാനദണ്ഡമാക്കേണ്ടത്.എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന ,സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികൾ ഇനിയും ഉണ്ടാവണം.

ഫീൽഡ്തല സന്ദർശനങ്ങൾ,രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ പ്രോജക്ടുകളുടെ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

സർക്കാർ ഗ്രാന്റുകൾ ലാപ്സായത്

പ്രോജക്ടുകൾ നടപ്പാകാത്തത് മൂലം ചുവടെ ചേർക്കും പ്രകാരം സർക്കാർ ഗ്രാന്റുകൾ ലാപ്സാവുകയുണ്ടായി. വാർഷികപദ്ധതി നിർവഹണത്തിനായി ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

| ഇനം | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായത് |
|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 11851875 | 11172355 | 679520 |
| വികസന ഫണ്ട്-എസ്.സി.പി | 11322000 | 11221367 | 100633 |
| വികസന ഫണ്ട്-ടി.എസ്.പി | 533000 | 448520 | 84480 |
| ധന.കമ്മീഷൻ ഗ്രാന്റ്,(ടൈഡ്) | 4610000 | 1515560 | 3094440 |
| ധന.കമ്മീഷൻ ഗ്രാന്റ്, (അൺടൈഡ്) | 9655344 | 4385241 | 5270103 |
| മെയിന്റനൻസ് ഗ്രാന്റ്,(റോഡിതരം) | 3456681 | 2003175 | 1453506 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡ്) | 14980000 | 13771081 | 1208919 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 3553 പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 2020-21 വർഷം 263 പദ്ധതികൾ വിഭാവനം ചെയ്തു. സാങ്കേതിക അനുമതി ലഭിച്ച 218 പ്രോജക്ടുകളിൽ 218 എണ്ണവും തൻവർഷം നടപ്പിലാക്കി. 100229 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1363 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെയുള്ള 183 അയൽക്കൂട്ടങ്ങളിൽ 178 അയൽക്കൂട്ടങ്ങൾ പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. അംഗൻവാടി കെട്ടിടനിർമ്മാണം, കോഴിക്കൂട്, ആട്ടിൻകൂട്, പശുക്കൂട് എന്നിവയുടെ നിർമ്മാണം, മഴക്കുഴി, റബ്ബർ

ബോർഡ് അംഗീകൃത പ്രവൃത്തികൾ, വൃക്ഷത്തൈ നടീൽ തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം പ്രധാനമായും നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2020-21 വരവു ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 689565 | 1336837 | 2026402 | 2022452 | 3950 |
| ഇ.എഫ്.എം.എസ് | 0 | 38748819 | 38748819 | 38748819 | 0 |
| ആകെ | 689565 | 40085656 | 40775221 | 40771271 | 3950 |

## 1-7 ക്ഷേമ പദ്ധതികൾ

2020-21വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7440 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 3375600 | 239 |
| വിധവാ പെൻഷൻ | 10294400 | 756 |
| വാർദ്ധക്യകാല പെൻഷൻ | 23380300 | 1895 |
| വികലാംഗ പെൻഷൻ | 4048200 | 277 |
| അവിവാഹിത പെൻഷൻ | 450000 | 35 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.2021,3.PM. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2439/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചപ്പെട്ടിരുന്നു. ജീവനക്കാരുടെ ജോലികൾ കൃത്യമായി നിർവചിക്കുക,അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക,ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്.പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. വൗച്ചറുകൾ ക്രമമായി നമ്പരിട്ട് സബ് വൗച്ചറുകളുൾപ്പെടെ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ ഇനിയുംപുരോഗതി കൈവരിക്കേണ്ടതുണ്ട്. വാടകയുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ മതിയായ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.വാടകയ്ക്ക് കൊടുക്കുന്നതും കൊടുക്കാത്തതും ഉൾപ്പെടെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ മുറികളുടെയും വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ

രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിൽ അപാകതകൾ നിലനിൽക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിൽ മതിയായ ശ്രദ്ധ ചെലുത്തിയിട്ടില്ല. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. പശ്ചാത്തലമേഖലയിലുൾപ്പെടെ പ്രോജക്ടുകളുടെ നിർവഹണത്തിലെ കാര്യക്ഷമത, സമയബന്ധിതമായ പൂർത്തീകരണം, പ്രവൃത്തികളുടെ മേൽനോട്ടം,പ്രവൃത്തികളുടെ ഗുണനിലവാരം എന്നിവയിൽ പുലർത്തേണ്ട നിഷ്കർഷകൾ പാലിക്കുന്നതിൽ മതിയായ ശ്രദ്ധ ചെലുത്തിയിട്ടില്ല. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി നിർവഹണവേളയിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും മരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് ഉണ്ടായില്ല. ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/10/2020 | 12/2019-03/2020 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/04/2016-27/04/2016 | 2011-16 | LBA(HQ)1/8A-2427/2016 Dtd 12/5/2016 |

1-11 കെ.എസ്.ഇ.ബി. മണിമല -33 KV സബ്സ്റ്റേഷൻ & സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ ക്രമവത്കരണം /അനധികൃത നിർമ്മാണത്തിൽ നടപടി സ്വീകരിയ്ക്കൽ-അന്യായമായ കാലതാമസം-

ഗ്രാമ പഞ്ചായത്തിലെ 14-ാം വാർഡിൽ KSEB ഓഫീസ് പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങൾ നാളിതുവരെ പഞ്ചായത്ത് രേഖകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം ഫാറം 2 ലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന് സെക്രട്ടറി 06.01.2020 ലെ എ-3/2020 നമ്പർ കത്ത് പ്രകാരം KSEB അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിച്ചിട്ടുള്ളതിനെ തുടർന്ന് മണിമല 33 KV സബ്സ്റ്റേഷൻ & സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കുന്നതിനായി അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിയ്ക്കുന്നതായി 25.01.2020 DB-05/19-20/178 കത്ത് പ്രകാരം KSEB അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകിയതായി കാണുന്നു. പട്ടയം, ലൊക്കേഷൻ മാപ്പ്, കരമടച്ച രസീത് , ബിൽഡിംഗ് പ്ലാൻ എന്നിവ ഹാജരാക്കിയിട്ടുണ്ട് എന്നും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല എന്നും അപേക്ഷ തുടർ നടപടികൾക്കായി അസിസ്റ്റന്റ് എഞ്ചിനിയർക്ക് കൈമാറാവുന്നതാണ് എന്നും സെക്ഷൻ ക്ലാർക്ക് 28.01.2020 ൽ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നാളിതുവരെ കെട്ടിടത്തിന് നമ്പർ ഇട്ട് കിട്ടിയിട്ടില്ല എന്നും അപേക്ഷയിൽ വേണ്ട തുടർനടപടികൾ സ്വീകരിയ്ക്കണം എന്നും ആവശ്യപ്പെട്ട് KSEB അസിസ്റ്റന്റ് എഞ്ചിനിയർ 26.3.2021 ൽ വീണ്ടും കത്ത് നൽകിയതിനെ തുടർന്ന് KSEB ഓഫീസിൽ നിന്നും ലഭിച്ച ഓർമ്മക്കുറിപ്പ് AE ക്ക് കൈമാറുന്നു എന്ന് 29.3.2021 ൽ സെക്ഷൻ ക്ലാർക്ക് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

നാളിതുവരെ ടി അപേക്ഷ സംബന്ധിച്ച യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നും അപേക്ഷയിൽ എന്തെങ്കിലും ന്യൂനത ഉണ്ടെങ്കിൽ സമയബന്ധിതമായി അറിയിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം അറിയിക്കുന്നതായും അറിയിച്ച് 07.09.2021ൽ സെക്രട്ടറി LSGD AE യെ അറിയിച്ചിട്ടുള്ളതായും ഫയലിൽ കാണുന്നു. തുടർന്ന്, അപേക്ഷ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് പെർമിറ്റ് ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല എന്നും ആയതിനാൽ ടി കെട്ടിടം റഗലറൈസ് ചെയ്യുന്നതിന് KPBR 2019 ചട്ട പ്രകാരമുള്ള

വിവരങ്ങൾ ലഭ്യമാക്കി കൊണ്ടുള്ള പ്ലാൻ സമർപ്പിയ്ക്കുന്ന മുറയ്ക്ക് ഫയൽ പരിഗണിയ്ക്കാവുന്നതാണ് എന്നും 'File Received On 09.09.2021' എന്ന് രേഖപ്പെടുത്തി LSGD AE അഭിപ്രായപ്പെട്ടിട്ടുള്ളത് 09.09.2021 ന് ആണ്. അപേക്ഷയിലെ പ്ലാൻ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിച്ചിട്ടുള്ളതല്ലാത്തതിനാൽ അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല എന്നും നിർമ്മാണാനുമതി വാങ്ങാതെ പൂർത്തീകരിച്ച കെട്ടിടമാകയാൽ ടി നിർമ്മാണം ക്രമവത്കരിക്കുന്നതിനാവശ്യമായ രേഖകൾ ഓൺലൈനായി സമർപ്പിയ്ക്കേണ്ടതുണ്ട് എന്നും 13.09.2021 തീയതിയിലെ എ2-305/2020 നം.കത്ത് പ്രകാരമാണ് KSEB ട്രാൻസ്മിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറെയും അപേക്ഷകനെയും അറിയിക്കുന്നത്.

പെർമിറ്റില്ലാതെ നിർമ്മിച്ച കെട്ടിടമാണ് എന്ന് അപേക്ഷ നൽകിയ 25.01.2020 ൽ തന്നെ ബോധ്യമുണ്ടായിരുന്നിട്ടും ടി വിവരം അപേക്ഷകനെ അറിയിക്കാൻ 20 മാസം വേണ്ടി വന്നു. പ്ലാനിൽ എന്ത് ന്യൂനതകളാണ് ഉണ്ടായിരുന്നത് എന്ന് സമയബന്ധിതമായി അപേക്ഷകനെ അറിയിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് നിയമങ്ങളുടെയോ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെയോ ലംഘനമില്ലാത്ത നിർമ്മാണമായിരുന്നുവെങ്കിൽ 92 മുതൽ 96 വരെയുള്ള ചട്ടങ്ങൾ പ്രകാരം ക്രമവത്കരിക്കുന്നതിനാവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിയ്ക്കുന്നതിനും കഴിഞ്ഞിട്ടില്ല. ക്രമവത്കരിക്കുവാൻ സാധിക്കാത്ത കെട്ടിടങ്ങളുടെ കാര്യത്തിൽ "ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ,കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2) ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തിയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ് "എന്ന 1994 ലെ കേ.പ.രാജ് നിയമത്തിലെ വകുപ്പ് 235 എഎ പ്രകാരമുള്ള നടപടിയും സമയബന്ധിതമായി സ്വീകരിയ്ക്കുവാൻ കഴിഞ്ഞിട്ടില്ല.

"സബ് സ്റ്റേഷൻ ഉൾപ്പെടെയുള്ള കെട്ടിടമാകയാലും പെർമിറ്റ് എടുത്തിട്ടില്ലാത്തതിനാലും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തി ക്രമവത്ക്കരിച്ച് നമ്പർ അനുവദിക്കേണ്ടതുണ്ട്. അപേക്ഷ പരിശോധിച്ച സാങ്കേതിക വിഭാഗം കെട്ടിടത്തിന്റെ പ്ലാൻ KPBR-2019 പ്രകാരമല്ലാത്തതിനാൽ ആയത് പാലിച്ച പ്ലാൻ ഹാജരാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷയിലെ ന്യൂനത KSEB അധികാരികളെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്" എന്നും ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.4) മറുപടി ലഭിച്ചിട്ടുണ്ട്. അന്വേഷണക്കുറിപ്പിൽ പരാമർശിച്ച കാര്യങ്ങൾ തന്നെയാണ് മറുപടിയിലും പറയുന്നത്. കെട്ടിടം ക്രമവത്കരിക്കാവുന്നതാണെങ്കിൽ ക്രമവത്കരിക്കുന്നതിന്/അനധികൃത നിർമ്മാണത്തിന് ബാധകമായ നികുതി ഈടാക്കുന്നതിന് അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഡവലപ്മെന്റ് പെർമിറ്റ് -കെട്ടിടനിർമ്മാണം- തുടർ നിരീക്ഷണം ഇല്ല

കെട്ടിടനിർമ്മാണത്തിന് മുന്നോടിയായി സൈറ്റ് കെട്ടിടനിർമ്മാണത്തിന് യോഗ്യമാക്കുന്നതിനായി താഴെപ്പറയുന്ന വ്യക്തികൾക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും ഡവലപ്മെന്റ് പെർമിറ്റ് നൽകിയിട്ടുണ്ട്.

1. അൽഫോൻസാമ്മ, മഠത്തുംമുറിയിൽ, പഴയിടം

2. ത്രേസ്യാമ്മ ചാക്കോ, മുട്ടത്ത്, പൊന്തൻപുഴ

3. മേരി ,തടത്തിലായ മുള്ളൻകുഴി

4. തോമസ് വർഗ്ഗീസ്, കൈതയിൽ, കറിക്കാട്ടൂർ

മേൽപ്പറഞ്ഞത് ഉൾപ്പെടെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഡവലപ്മെന്റ് പെർമിറ്റ് എടുത്തിട്ടുള്ള എത്രയാളുകൾ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്/ഒക്യുപൻസി സർട്ടിഫിക്കേറ്റ് നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.5) മേൽ

പരാമർശിച്ചതിൽ, ശ്രീമതി ത്രേസ്യാമ്മ ചാക്കോ, മുട്ടത്ത് ഒഴികെയുള്ളവർക്ക് കെട്ടിടം പണി പൂർത്തീകരിച്ച് ഒക്യുപൻസി അനുവദിച്ചിട്ടില്ല എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കെട്ടിടം പണി പൂർത്തീകരിയ്ക്കുന്നത് സംബന്ധിച്ച് തുടർ നിരീക്ഷണം നടത്തുന്നതായി കാണുന്നില്ല. മണ്ണ് നീക്കം ചെയ്യുന്നതിനും പാറപൊട്ടിക്കുന്നതിനുമായി മാത്രം ഡവലപ്മെന്റ് പെർമിറ്റെടുക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിയ്ക്കുന്നതിന് വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-13 പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം- ചട്ടങ്ങൾ പാലിച്ചില്ല

പുതുതായി പണി കഴിപ്പിച്ച പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് KPBR ചട്ടങ്ങൾ അനുശാസിക്കുന്ന ശുചീകരണ സംവിധാനങ്ങൾ, മഴവെള്ള സംഭരണി എന്നിവയില്ലാത്തതിനാൽ ഒക്യുപൻസി അനുവദിക്കാനാവില്ലെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ റിപ്പോർട്ട് നൽകിയതിനാൽ കെട്ടിടത്തിന് നിലവിൽ ഒക്യുപൻസി ലഭിച്ചിട്ടില്ല. ടി അപാകതകൾ പരിഹരിക്കുന്നതിന് 13/03/2020 ലെ 10(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2020-21 ജനകീയാസൂത്രണ പദ്ധതിയിൽ 169/21 പ്രകാരം പ്രോജക്ട് ഏറ്റെടുത്തിരുന്നുവെങ്കിലും നടപ്പായില്ല. ആയതിനെ തുടർന്ന് 2021-22 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 182/22 പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് ടോയ് ലറ്റ് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും എന്ന പ്രോജക്ട് നടപ്പാക്കുന്നതിന് ഡി.പി.സി അംഗീകാരം നേടിയിട്ടുള്ളതാണ് എന്നും മറുപടി ലഭിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമങ്ങളുടെയും വിവിധ ചട്ടങ്ങളുടെയും പാലനത്തിൽ മാതൃകയാവേണ്ട ഗ്രാമ പഞ്ചായത്ത് തന്നെ ഇവ പാലിയ്ക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തിയില്ല എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 മണിമല കാർഷിക ലേല വിപണി കെട്ടിടം - പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയില്ല

മണിമല ടൗണിൽ മണിമല കാർഷിക ലേല വിപണി എന്ന പേരിലുള്ള കെട്ടിടം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പെർമിറ്റില്ലാതെ നിർമ്മിച്ചിട്ടുള്ളതാണ് എന്ന് കാണുന്നു. ടി കെട്ടിടത്തിന് ഒക്യുപൻസി/കെട്ടിട നമ്പർ നൽകിയിട്ടില്ലാത്തതുമാണ് എന്നാണ് ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരം. കെട്ടിടത്തിന്റെ നെയിം ബോർഡിൽ നിന്നും കാർഷിക ലേല വിപണിയുടെ നടത്തിപ്പ് മണിമല സ്വാശ്രയ കാർഷിക വികസന സമിതി എന്ന സ്ഥാപനത്തിന്റേതാണ് എന്ന് മനസ്സിലാക്കുന്നു. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിക്കപ്പെട്ട ടി കെട്ടിടം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-15 മണിമല പൊതു മാർക്കറ്റ് - ശോച്യാവസ്ഥയിൽ.

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 19 ആർ 60 സ്ക്വയർ മീറ്റർ സ്ഥലത്താണ് മണിമല മാർക്കറ്റ് പ്രവർത്തിച്ചുവരുന്നത്. 2017-18 ൽ 107700/- രൂപ ലേല ഇനത്തിൽ വരവ് ലഭിച്ച പൊതുമാർക്കറ്റിന്റെ ലേലം 2018-19 മുതൽ നിലയ്ക്കുകയും തുടർന്ന് ഗ്രാമ പഞ്ചായത്ത് നേരിട്ട് പിരിവ് നടത്തിയെങ്കിലും വരുമാനത്തിൽ ഗണ്യമായ കുറവ് വന്നത് സംബന്ധിച്ച് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6 ൽ പരാമർശിക്കുകയും ചെയ്തിരുന്നു. മാർക്കറ്റ് നവീകരിയ്ക്കുകയും മാർക്കറ്റിന്റെ ഓരോ സ്റ്റാളുകളും പ്രത്യേകം ലേലം ചെയ്യുന്നതിന് പഞ്ചായത്ത് ജനറൽ കമ്മിറ്റി 29.11.2019 ൽ തീരുമാനമെടുത്തിട്ടുള്ളതായി ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിച്ചിരുന്നു. 2019-20 ൽ 29200/- രൂപ വരവുണ്ടായിരുന്നത് കോവിഡ് പ്രതിസന്ധി മൂലം മാർക്കറ്റിന്റെ പ്രവർത്തനം നിലച്ചതിനെ തുടർന്ന് 2020-21 ൽ ഈയിനത്തിൽ വരുമാനമില്ലാത്ത സ്ഥിതിയിലെത്തിച്ചു. പുതിയതും പഴയതുമായ സ്റ്റാളുകളായി വിഭജനം നടത്തിയ കെട്ടിടസമുച്ചയം,ഉറസ്സായ സ്ഥലം എന്നിവ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ മാർക്കറ്റിന്റെ ഭൂരിഭാഗം സ്ഥലങ്ങളും മാലിന്യങ്ങളും മറ്റ് സാധന സാമഗ്രികളും സൂക്ഷിക്കുന്നതിന് ഉപയോഗിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്.

മാലിന്യനിർമാർജനത്തിനായി തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് നം .243/21 പ്രകാരം ശുചിത്വമിഷൻ ഫണ്ടിൽ നിന്ന് 183600/-രൂപ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ,കോട്ടയത്തിന് മുൻകൂർ തുക നല്കിയതിൻ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതായി സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. എന്നാൽ പ്രസ്തുത യൂണിറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല.നിർമ്മാണം പൂർത്തിയായ മാലിന്യസംസ്കരണ യൂണിറ്റ് നിഷ്ക്രിയാവസ്ഥയിൽ കിടക്കുന്നതായും കാണാൻ കഴിഞ്ഞു.

വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ അടിയന്തിര സാഹചര്യത്തിലാണ് താത്കാലികമായി അവിടെ സാധന സാമഗ്രികളും പ്ലാസ്റ്റിക്ക് മാലിന്യങ്ങളും സൂക്ഷിക്കുന്നതിന് അനുമതി നൽകിയതെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്ലാന്റ് സജ്ജമാകുന്നതോടെ മാലിന്യ പ്രശ്നങ്ങൾ പരിഹരിയ്ക്കപ്പെടുമെന്നും പൊതുമാർക്കറ്റ് വൈകാതെപ്രവർത്തന സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും എക്സിറ്റ് മീറ്റിംഗിൽ ബഹു.ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അറിയിക്കുകയുണ്ടായി. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പട്ടികജാതി വിഭാഗം വനിതകൾക്ക് വേണ്ടിയുള്ള വിപണന പരിശീലനകേന്ദ്രം(ഷീ കോംപ്ലക്സ്)-വികസനഫണ്ടിൽ നിന്ന് അധികതുക പിൻവലിച്ചു.

പ്രോജക്ട് നം.213/20-21, പട്ടികജാതി വിഭാഗം വനിതകൾക്ക് വേണ്ടിയുള്ള വിപണന പരിശീലനകേന്ദ്രം (ഷീ കോംപ്ലക്സ്)നിർമ്മാണത്തിന് 1973950 രൂപ വികസനഫണ്ട് എസ്.സി.പി വിഭാഗം ഫണ്ട് വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും (245/20) ഇ-ടെൻഡർ നടപടികളിലൂടെ മനോജ് തോമസ് എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് 10-09-2020 ൽ പൂർത്തീകരിച്ച് അവസാന അളവുകൾ രേഖപ്പെടുത്തുകയും ചെയ്തു. (എം.ബുക്ക് 91/18-19,107/18-19,107A,107B,107C). പ്രവൃത്തിയുടെ പാർട്ട് ബിൽ ആയി 1053627/- രൂപ 21-08-2020-ൽ മാറിയിട്ടുണ്ട്. നികുതിവിഹിതങ്ങളും 2.5% റിട്ടൻഷൻ 26341/- രൂപയുമുൾപ്പെടെയുള്ള കിഴിവുകൾ വരുത്തി 985037/- രൂപ കരാറുകാരന് നല്കുകയും ചെയ്തു. പിന്നീട് 10-09-20ൽ പ്രവൃത്തി പൂർത്തീകരിച്ച് 26-03-21ൽ ഫൈനൽ ബിൽ നല്കുകയുണ്ടായി. ഫൈനൽ ബിൽ തുകയിൽ പ്രവൃത്തി മൂല്യത്തിനൊപ്പം (568620/) റിട്ടൻഷൻ തുകയായ 26341/- കൂടി ചേർത്ത് ആകെ 594961/- രൂപയാണ് മാറിയത്. ഇപ്രകാരം പ്രോജക്ട് പ്രകാരം ആകെ മാറിയിട്ടുള്ളത് 1648588/- രൂപയാണ്. യഥാർഥത്തിൽ മാറേണ്ടിയിരുന്നത് പ്രവൃത്തിയുടെ ആകെ മൂല്യമായ1622247/- രൂപയാണ്. പാർട്ട് ബിൽ പ്രകാരം മാറിയതിൽ റിട്ടൻഷൻ ഇനത്തിൽ കിഴിവ് ചെയ്ത് സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 26341/- രൂപ കരാറുകാരന് അവസാനബില്ലിനൊപ്പം നല്കുന്നതിന് പകരം വികസനഫണ്ടിൽ നിന്ന് വീണ്ടും പിൻവലിക്കുകയാണുണ്ടായത്.

അധികമായി പിൻവലിച്ച് തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക പിൻവലിച്ച് വികസനഫണ്ട് എസ്.സി.പിയിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

പ്രവൃത്തി സംബന്ധമായ മറ്റ് അപാകതകൾ

കെട്ടിടനിർമ്മാണ പ്രോജക്ടിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധസൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി തയ്യാറാക്കണമെന്ന 29-01-2018 ലെ 11/2018/തസ്വഭവ ഉത്തരവ് പ്രകാരമുള്ള വാർഷികപദ്ധതി രൂപീകരണമാർഗരേഖയിലെ നിർദ്ദേശം പാലിക്കുകയുണ്ടായില്ല.

08-03-2019ൽ കരാർ വച്ച പ്രവൃത്തി പൂർത്തീകരിച്ചത് 10-09-20നാണ്. പ്രവർത്തന കലണ്ടർ പ്രകാരം 4 മാസമാണ് പൂർത്തീകരണ കാലാവധിയെന്നിരിക്കെ പൂർത്തീകരണകാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരന്റെ അപേക്ഷ, സപ്ലിമെന്ററി കരാർ എന്നിവ ഇല്ലാതെയും നിയമാനുസൃത പിഴ ഈടാക്കാതെയും അവസാനബിൽ നല്കിയത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.

പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം പ്രോജക്ട് ലക്ഷ്യമായ എസ്.സി വനിതകൾക്ക് പരിശീലന വിപണന പ്രവർത്തനങ്ങൾക്കായി ഇനിയും വിട്ടുനല്കിയിട്ടില്ല.

മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിനായുള്ള 1648588/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 ഇ-ടെന്റർ ഫീസ് പഞ്ചായത്തിന് ലഭ്യമായില്ല.

ഗ്രാമപഞ്ചായത്ത് വിവിധ വർഷങ്ങളിലായി നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ഇ ടെന്റർ ഫീസ് എൽ.എസ്.ജി.ഡിഎക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് വരവായിട്ടുള്ളത്.2018-19 മുതൽ 01/2021 വരെയുള്ള കാലയളവിൽ നടത്തിയ ഇ-ടെന്റർ ഫീസ് നിലവിൽ പഞ്ചായത്തിന് ലഭ്യമാകാനുണ്ട്. ചീഫ് എൻജിനീയറുടെ 17.08.17ലെ DB1/7942/2010/CE/LSGD നമ്പർ സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തപക്ഷം അക്കൗണ്ട് ആരംഭിക്കുന്നതിനും എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടുമായി ലിങ്ക് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. അസി.എൻജിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം ലഭ്യമാകാനുള്ള തുകയായ 91188- രൂപ ഗ്രാമപഞ്ചായത്തന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ഇടപെടൽ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

1-18 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പ്രോജക്ട് --അപാകതകൾ

2020-21 സാമ്പത്തിക വർഷം സെക്രട്ടറി രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക | ബിൽനമ്പർ തീയതി | ഫണ്ടിനം |
|---|---|---|---|
| 205/21/ തെരുവ് വിളക്ക് മെയിന്റനൻസ് | 298480/ രൂപ | 4/20-21/ 14.5.20 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 206/21- തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും | 219504/ രൂപ | 3/20-21/14.5. 20 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

205/21 എന്ന പ്രോജക്ട് ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് ഒരു വർഷത്തേക്ക് തുടർച്ചയായി തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ പ്രോജക്ടാണ്. ഇത് പ്രകാരം 9 വാട്ടിന്റെ എൽ.ഇ.ഡി ബൾബ് ഫിറ്റിംഗ്സ് ഉൾപ്പടെ 560/- രൂപയ്ക്ക് സ്ഥാപിക്കുന്നതിന് ശ്രീ. വിനോദ് റ്റി.കെ എന്നയാളുമായി കരാറിൽ ഏർപ്പെട്ടു. ഗ്രാമ പഞ്ചായത്തിലെ 8,11 വാർഡുകൾ ഒഴികെയുള്ള 13 വാർഡുകളിലും 41 ബൾബുകൾ വീതം ആകെ 533 ബൾബുകൾ പിടിപ്പിച്ചതായി അതാത് വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിച്ചുനൽകി. കരാറുകാരൻ ഏതൊക്കെ റീച്ചുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുകയും, നിലവിലുണ്ടായിരുന്നവ മെയിന്റനൻസ് നടത്തുകയും ചെയ്യുന്നതിന് വാർഡ് മെമ്പർമാരുടേയും, ഉദ്യോഗസ്ഥരുടേയും ആവശ്യമെങ്കിൽ സാങ്കേതിക പരിജ്ഞാനമുള്ള ആളുകളും ഉൾപ്പടെ പരിശോധന നടത്തി തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട്

തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ അപ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. കരാറുകാരൻ വാങ്ങുന്ന ലൈറ്റുകളും, അനുബന്ധ ഉപകരണങ്ങളും പഞ്ചായത്തിൽ എത്തിക്കുകയോ, പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്യാതെ കരാറുകാരൻ നേരിട്ട് വാങ്ങി സ്ഥാപിക്കുന്നു. ഓരോ വാർഡ് മെമ്പർമാരും അതാത് വാർഡുകളിൽ ഇത്ര എണ്ണം ബൾബുകൾ പിടിപ്പിച്ചു എന്ന് വ്യക്തമാക്കി നൽകിയ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. .

206/21 നമ്പർ പ്രോജക്ട് പ്രകാരം 12 വാട്ടിന്റെ 102 ലൈറ്റുകൾ ക്രൂസിൽ നിന്നും വാങ്ങി സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത ലൈറ്റുകൾക്ക് 24 മാസം വാറന്റി ഉണ്ട്. എന്നാൽ പ്രസ്തുത ലൈറ്റുകൾ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാറന്റി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കാനാവുന്നില്ല. മറ്റ് പ്രോജക്ടുകളും നടന്നുവരുന്നതിനാൽ വാറന്റി ലഭിക്കേണ്ട ഉപകരണങ്ങൾ മറ്റ് പ്രോജക്ടുകൾ പ്രകാരം മാറ്റി സ്ഥാപിക്കാനുള്ള സാദ്ധ്യതയും നിലനിൽക്കുന്നു. ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പരും ലൊക്കേഷൻ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും കേടാകുന്ന വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തുന്നതിനായി പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും, മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകതകൾ നിലനിൽക്കുന്നതിനാൽ 517984/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ആലപ്ര സ്കൂളിലെ കുഴൽകിണറിന് സ്ഥാപിച്ച മോട്ടോർ പ്രവർത്തനരഹിതം.

ആലപ്ര സ്കൂൾ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 74/2018 നമ്പരായി ആരംഭിച്ച് 2020-21 ലും സ്പിൽഓവറായി തുടർന്ന പ്രോജക്ടാണ് 193/21 നമ്പർ ആലപ്ര സ്കൂളിന് അനുബന്ധ സൗകര്യമൊരുക്കൽ എന്ന പ്രവൃത്തി. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി സലീന വി.എം കൺവീനറും പി.ടി.എ പ്രസിഡന്റായിരുന്ന ശ്രീ.സിറാജുദീൻ ചെയർമാനുമായ ഗുണഭോക്തൃസമിതിയാണ് 18-12-2017ൽ നിർവഹണ ഉദ്യോഗസ്ഥനായ അസി.എൻജിനീയറുമായി കരാർ വച്ച് പ്രവൃത്തി നടത്തിയത്. പ്രവൃത്തികളുടെ രണ്ടാമതുഭാഗമായി എസ്റ്റിമേറ്റിലുൾപ്പെടുത്തി നടപ്പിലാക്കിയ ഇനമാണ് 1.5 H.P സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കൽ എന്നത്. എസ്റ്റിമേറ്റ്, എം.ബുക്ക്, പ്രവൃത്തിയുടെ ബില്ല് എന്നിവപ്രകാരം മോട്ടോർ സ്ഥാപിക്കുന്നതിനായി 22000/- രൂപ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തു. പ്രവൃത്തികൾ പൂർത്തീകരിച്ച് അവസാനബിൽ നല്കിയത് 3/2019ൽ .

ഓഡിറ്റിന്റെ ഭാഗമായി 12-11-2021 ൽ നടത്തിയ പ്രാദേശികപരിശോധനയിൽ മോട്ടോർ ഉപയോഗയോഗ്യമല്ലാതെ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെടുകയും ഇത് സംബന്ധിച്ച് അന്വേഷിച്ചതിൽ സ്ഥാപിച്ച് ഏതാനും ദിവസത്തിനുള്ളിൽ തന്നെ മോട്ടോർ പ്രവർത്തനരഹിതമായെന്ന് ഹെഡ്മിസ്ട്രസ് അറിയിക്കുകയും ചെയ്തു.

വാറന്റി കാലയളവിൽത്തന്നെ കേടായ മോട്ടോർ മാറ്റിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തത് ഉത്തരവാദപ്പെട്ടവരുടെ അനാസ്ഥയാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എൻജിനീയർ പ്രവൃത്തികളിൽ മേൽനോട്ടം വഹിക്കുന്നതിലും, മോണിട്ടറിംഗ് സമിതി യഥാസമയം പ്രവൃത്തികളുടെ മോണിട്ടറിംഗ് നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചവരുത്തിയതായി കാണുന്നു. മോട്ടോർ ഉപയോഗയോഗ്യമാക്കി കുഴൽകിണറിൽ നിന്ന് വെള്ളമെടുക്കുന്നതിന് സൗകര്യമേർപ്പെടുത്തുന്നതിലേക്ക് ഭരണസമിതി അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 ക്ഷേമപെൻഷനുകൾ അനർഹമായ കാലയളവിൽ വിതരണം ചെയ്തു.

22.09.2017ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച

നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ മണിമല ഗ്രാമ പഞ്ചായത്തിലെ 2020-21 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| ജോൺ വി.കെ. | കർഷക പെൻഷൻ | 2220087887 | 10.06.2020 | 07/2020-10/2021 | 23900 | ആക്ടീവ് |
| ഇ.സി.ആൻറണി | കർഷക പെൻഷൻ | 2220087806 | 15.06.2020 | 07/2020-11/2020 | 6800 | ആക്ടീവ് |
| ശ്രീധരൻ | കർഷക പെൻഷൻ | 2220087564 | 25.06.2020 | 07/2020-01/2021 | 9700 | ആക്ടീവ് |
| അബ്ദുൾ ഖാദർ | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | 105700200960 | 25.06.2020 | 07/2020-08/2020 | 2600 | സസ്പെൻഡ് |
| മേരി | 50 വയസുള്ള അവിവാഹിത വനിതകൾക്കുള്ള പെൻഷൻ | 104050500014 | 06.07.2020 | 07/2020-10/2021 | 23900 | ആക്ടീവ് |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് നല്കുന്നുണ്ട് .ഓഡിറ്റ് വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ക്ഷേമപെൻഷൻ വിതരണ വിവരങ്ങൾ പുന:പരിശോധിച്ച് അനർഹമായ കാലയളവിലെ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-21 ബാരൽവില, ജി.എസ്.ടി അടവാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ 2019-20,2020-21 വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ബിറ്റുമിൻ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്കും, ജി എസ് റ്റി സർക്കാരിലേക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-22 വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

2020-21 സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട് നമ്പർ, | നിക്ഷേപിച്ച | ബിൽനമ്പർ | നിക്ഷേപിച്ച |
|---|---|---|---|---|

| നമ്പർ | പേര് | തുക | തീയതി | ഏജൻസി |
|---|---|---|---|---|
| 1 | 57/21 എം.എച്ച്.കോളനി വാട്ടർ അതോറിറ്റിപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 240000/-രൂപ | 30/20-21/ 12.2.21 | വാട്ടർ അതോറിറ്റി കോട്ടയം |
| 2 | 59/21 വിവിധ വാർഡുകളിലെ കുഴൽ കിണർ മെയിന്റനൻസ് | 250000/-രൂപ | 35/20-21/ 17.3.21 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 3 | 66/21 കുഴൽ കിണർ നിർമ്മാണം | 267000/-രൂപ | 31/20-21 /12.2.21 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 4 | 308/21 മണിമല എഫ്.എച്ച്.സി വൈദ്യുതി കണക്ഷൻ-കെ.എസ്.ഇ.ബിയിൽ തുക നിക്ഷേപിക്കൽ | 24142/- രൂപ | 28/20-21 /15.2.21 | കെ.എസ്.ഇ.ബി |
| 5 | 243/21 തുമ്പൂർമൂഴി മോഡൽ മാനിന്യ സംസ്കരണ യൂണിറ്റ് | 183600/-രൂപ | 4405/10.3.21 (ചെക്ക്) | സോഷ്യോ ഇക്കണോമിക് യൂണിറ്റ്,കോട്ടയം |

വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 964742/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 അങ്കണവാടികൾ - അപര്യാപ്തതകൾ.

ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾ,അങ്കണവാടികൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഫിറ്റ്നസ്സ് പരിശോധന സംബന്ധിച്ച ഫയലുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുവടെ ചേർക്കുന്ന അങ്കണവാടികൾ പലതരം അപര്യാപ്തതകൾ അഭിമുഖീകരിക്കുന്നതായി വ്യക്തമാകുന്നു.

| ക്രമനം. | അങ്കണവാടി | അപര്യാപ്തതകൾ. | മറ്റുവിവരം. |
|---|---|---|---|
| 1 | 8,അഞ്ചാനിക്കുളം | പ്രവർത്തിക്കാനാവാത്തവിധം നാശോന്മുഖം-അൺഫിറ്റ് സർട്ടിഫിക്കറ്റ് നല്കിയിരിക്കുന്നു. | |
| 2 | 3,സി.പി.ഡബ്ല്യു.പി ആലപ്ര | മേൽക്കൂര കാട് കയറിയിരിക്കുന്നു. | വാടകക്കെട്ടിടം. |
| 3 | 4,പുളിക്കൻപാറ | ടോയ് ലെറ്റ് മെയിന്റനൻസ് നടത്തണം. | |
| 4 | 11,ചാരുവേലി | ടോയ് ലെറ്റ് മെയിന്റനൻസ് നടത്തണം. | |
| 5 | 12,നെല്ലിത്താനം | വാതിൽ കതകുകൾ തകരാറിൽ. | |

| | | | |
|---|---|---|---|
| 6 | 15,കറിക്കാട്ടൂർ | തറ,കതകുകൾ,ടോയിലറ്റ് എന്നിവയുടെ തകരാർ പരിഹരിക്കണം | |
| 7 | 22,ചാരുവേലി | അടുക്കള, തറ മെയിന്റനൻസ് വേണം,കതക് വയ്ക്കണം. | |
| 8 | 10,കുവക്കാവ് | | വാടകക്കെട്ടിടം |
| 9 | 26,കാവുംഭാഗം | | വാടകക്കെട്ടിടം |

ഗ്രാമപഞ്ചായത്തിലെ 26 അങ്കണവാടികളിൽ 3 എണ്ണം നിലവിലും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രവർത്തിക്കാനാവാത്തവിധം തകരാറിലായവയാണ് പല അങ്കണവാടികളും എന്ന് കാണുന്നു.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-01-2018ലെ ഉത്തരവ് നം.11/2018പ്രകാരമുള്ള വാർഷികപദ്ധതി രൂപീകരണ മാർഗരേഖ ഖ7.8.2 ഖ (1),(2)പ്രകാരം അങ്കണവാടികൾക്ക് സ്ഥലം,കെട്ടിടം,ചുറ്റുമതിൽ,കുടിവെള്ളം,ഫർണിച്ചർ,മറ്റ് ഭൗതികസൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി ബാലസൗഹൃദ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് പ്രാധാന്യം നല്കണമെന്നും പതിമൂന്നാം പഞ്ചവത്സരകാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കണമെന്നും ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക്/ജില്ലാ പഞ്ചാത്തുകൾക്കും പ്രോജക്ടുകൾ ഏറ്റെടുക്കാമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികളൊന്നും പാലിക്കാതെ അങ്കണവാടികൾ മതിയായ സൗകര്യങ്ങളില്ലാതെ ബുദ്ധിമുട്ടുന്നത് പദ്ധതി ആസൂത്രണ നടപടികളിലെ പോരായ്മ മൂലമാണ്.

മതിയായ നടപടികൾ സ്വീകരിച്ച് അങ്കണവാടികളുടെ ശോച്യാവസ്ഥകൾ പരിഹരിക്കേണ്ടതാണ്.

1-24 ആശ്രയ പദ്ധതി- പിൻവലിച്ച തുക ചെലവഴിച്ചിട്ടില്ല

ആശ്രയ പദ്ധതിയുടെ ആവശ്യത്തിനായി 2019-20 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ /19-20/ പ്രകാരം ൽ 550000/- രൂപ പിൻവലിച്ച് കുടുംബശ്രീയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലെ 38287819099 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. അഗതി രഹിതകേരളം പദ്ധതി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ, സ്വയം തൊഴിൽ സഹായം, കിണർ നിർമ്മാണം തുടങ്ങിയ സേവന പദ്ധതികൾക്കാണ് തുക അനുവദിച്ചത്. 2020-21 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 8/19-20/ പ്രകാരം 12.6.20 ൽ 500000/- രൂപ പിൻവലിച്ച് കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ 15.11.2021ൽ കുടുംബശ്രീയുടെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല എന്ന് കണ്ടു. പാസ്ബുക്ക് പ്രകാരം 31.3.2020 വികസന ഫണ്ട് നീക്കിയിരിപ്പ് 1572570/- രൂപയും, 31.3.2021 വികസന ഫണ്ട് നീക്കിയിരിപ്പ് 1072570/- രൂപയുമാണ്. കുടുംബശ്രീയുടെ അക്കൗണ്ടിൽ 26.10.21 ൽ 1348302/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 826818/- രൂപ വികസന ഫണ്ടാണ്. ഇതിൽ നിന്നും വികസന ഫണ്ട് സമയബന്ധിതമായി ചെലവഴിച്ച് ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്കാവശ്യമായ സേവനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നില്ല എന്ന് കാണുന്നു. വികസനഫണ്ട് പിൻവലിച്ച് വർഷങ്ങളോളം ചെലവഴിക്കാതെ കുടുംബശ്രീയുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയല്ല. തുക ആവശ്യമില്ലാത്തപക്ഷം അടിയന്തിരമായി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

1-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- മതിയായ രേഖകളില്ലാതെ വിതരണം ചെയ്തു.

2020- 21 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട്

പ്രകാരം 19 ഗുണഭോക്താക്കൾക്ക് കെൽട്രോണിൽ നിന്നും ലാപ് ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. ബിൽ നമ്പർ 10/20-21 പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്നും 517351/ രൂപ ചെലവഴിച്ചിട്ടുണ്ട്. ലാപ് ടോപ്പ് വിതരണം ചെയ്തതിൽ ഉമാശങ്കർ എസ്, കാട്ടുക്കുന്നേൽ, എന്ന ഗുണഭോക്താവ് മാർത്താണ്ഡം കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽ ഒന്നാം വർഷ മെക്കാനിക്കൽ എഞ്ചിനീയറിംഗിന് പഠിക്കുന്നതിന്റെ സർട്ടിഫിക്കറ്റ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്താവ് യൂണിവേഴ്സിറ്റി അഫിലിയേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രൈവറ്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ലാപ് ടോപ്പ് അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/20-21ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ഒരു ലാപ് ടോപ്പിനായി ചെലവഴിച്ച 27229 /- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-26 ഭവനപുനരുദ്ധാരണം (എസ്.സി.പി)) -പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2020-21 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടിനായി ( നമ്പർ36/21) SCP ഫണ്ടിൽ നിന്നും 1850000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിനായി ഒരു ഗുണഭോക്താവിന് വകയിരുത്തിയത് 100000/- രൂപയാണ്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ നിന്നും ആകെ 22 ഗുണഭോക്താക്കൾ ആദ്യഗഡു 50000/- രൂപ കൈപ്പറ്റിയിരുന്നു. ഇതിൽ 15ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ച് അവസാനഗഡു വാങ്ങിയതായി ബിൽ പകർപ്പിൽ നിന്നും വ്യക്തമാകുന്നു. ആദ്യഡഡു വാങ്ങിയ 7 ഗുണഭോക്താക്കൾ തൻവർഷം ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഭവനപുനരുദ്ധാരണം സംബന്ധിച്ച രജിസ്റ്റർ അടിയന്തിരമായി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/20-21ന് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് സംബന്ധിച്ച് ഹാജരാക്കിയ ഫയലിൽ തുക നൽകിയതിന്റെ വിവരങ്ങളോ, പൂർത്തീകരണ വിവരങ്ങളോ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ ഇല്ല. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ വി.ഇ.ഒ ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഭരണസമിതി ഇക്കാര്യത്തിൽ അടിയന്തിരപരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 എസ്.എസ്.എ, വിഹിതം നൽകൽ വിനിയോഗ വിവരം /തുടർ വിവരങ്ങൾ ലഭ്യമല്ല

2020-21 സാമ്പത്തിക വർഷം ജനറൽ, എസ്.സി.പി, വിഭാഗങ്ങളിലായി സെക്രട്ടറി രണ്ട് പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | ചെലവ് തുക | ഫണ്ടിനം | ബിൽനമ്പർ തീയതി |
|---|---|---|---|---|
| 1 | 001/21 എസ്.എസ്.എ, വിഹിതം നൽകൽ | 300000/- | വികസനഫണ്ട് | 5/20-21/ 25.6.20 |
| 2 | 002/21- എസ്.എസ്.എ, വിഹിതം നൽകൽ (എസ്.സി.പി) | 200000/- | എസ്.സി.പി | 6/20-21/ 25.6.20 |

തുക ഒടുക്കിയതിന്റെ വിവരങ്ങൾ മാത്രമേ ഫയലിൽ നിന്നും ലഭ്യമായിട്ടുള്ളൂ. വിനിയോഗ/ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

1-28 എ.ബി.സി. പ്രോഗ്രാം-കൃത്യമായ വിവരങ്ങൾ ഇല്ല.

2020-21 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പാക്കിയ പ്രോജക്റ്റിനായി (നമ്പർ 50/21) വികസന ഫണ്ടിൽ നിന്നും 210000/- രൂപ ബിൽ നമ്പർ 19/20-21 / 6.9.20 പ്രകാരം പിൻവലിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ എത്ര തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള തുകയാണ് ഒടുക്കുന്നത്, ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് എത്ര എണ്ണം തെരുവ് നായ്ക്കൾ വന്ധ്യംകരിക്കുന്നതിനുണ്ട് എന്ന കണക്കെടുപ്പിന്റെയോ വിലയിരുത്തലിന്റേയോ അടിസ്ഥാനത്തിലാണോ തുക ഒടുക്കുന്നത് എന്ന് വ്യക്തമല്ല. പ്രോജക്റ്റ് പ്രകാരം ഒടുക്കിയ തുക പ്രകാരം തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്ന പ്രവൃത്തി നടന്നിട്ടില്ല. വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ 210000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.,മണിമല 2020-21വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരം കേരളാ മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം 3624001800000019, പഞ്ചാബ് നാഷണൽ ബാങ്ക്)പണം അടച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

1)

| | |
|---|---|
| പ്രോജക്റ്റ് നംമ്പർ | 14/21 (പാലിയേറ്റീവ് കെയർ പരിചരണം) |
| അടങ്കൽ | 700000 |
| ചെലവ് | 690150 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.,മണിമല |

പാലിയേറ്റീവ് പരിചരണം എന്ന പ്രോജക്റ്റിൽ (പ്രോജക്റ്റ് നംമ്പർ.14/21) ബിൽ നം. 13/2020-21 തീയതി 29.03.21 പ്രകാരം 105089/- രൂപ നൽകിയിട്ടുണ്ടെങ്കിലും 72888/- രൂപയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല. 72888/-രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതു വരെ 72888/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്റ്റ് നംമ്പർ | 18/21 (മണിമല/കറിക്കാട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേക്ക് മരുന്ന് വാങ്ങൽ) |
| അടങ്കൽ | 250000 |
| ചെലവ് | 250000 (ബിൽ നം.03/2020-21 തീയതി 23.07.2020) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.,മണിമല |

മണിമല/കറിക്കാട്ടൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റിൽ (പ്രോജക്റ്റ്നം.18/21) ബിൽ നം.03/2020-21 തീയതി 23.07.2020 പ്രകാരം 250000/-രൂപ നൽകിയിട്ടുണ്ടെങ്കിലും 77319/-രൂപയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല. 77319/-രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതു വരെ 77319/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 ഹോമിയോ മരുന്നു വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല.

2020-21 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്റ്റ് (നമ്പർ 7/20-21 ) പ്രകാരം 150000/- ( ബിൽ നമ്പർ 37/24.03.2021 ) രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ- ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് മരുന്ന് പൂർണ്ണമായും ലഭ്യമാക്കി വിശദാംശങ്ങൾ

ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 അമ്പലക്കടവ് കരിമ്പനക്കുളം നീർത്തട പശ്ചിമ ഘട്ടവികസന പദ്ധതി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2016 ൽ ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ കാലാവധി മൂന്ന് വർഷത്തേക്കായിരുന്നു. എന്നാൽ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ നിരവധി തവണ കാലാവധി നീട്ടി നൽകിയിരുന്നു. ജില്ലാ കളക്ടറുടെ 08.02.21ലെ 269/WGDP/ DPO/ KTM നമ്പർ ഉത്തരവ് പ്രകാരം 31.3.21 വരെ കാലാവധി നീട്ടി നൽകുകയും ഇനിയും കാലാവധി നീട്ടുന്നത് പരിഗണിക്കുകയില്ല എന്നും അറിയിച്ചിട്ടുണ്ട്. 2019-20 ലെ 176/20 നമ്പർ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 517743 രൂപ 1/19-20/ 7.6.19 നമ്പർ ബിൽ പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫയലുകളോ രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗ് സമയത്ത് ഹാജരാക്കിയ മിനിറ്റ്സ് ബുക്ക് പ്രകാരം അവസാനമായി യോഗം ചേർന്നത് 12.06.20 ലാണ്. രജിസ്റ്ററുകളും രേഖകളും പ്രോജക്ട് നടപ്പാക്കുന്ന ഏജൻസിയുടെ കൈവശമാണ്എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് ശരിയായ നടപടിക്രമമല്ല. പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫയലുകളും രേഖകളും, മിനിറ്റ്സ് ബുക്കും നിർവ്വഹണ ഉദ്യോഗസ്ഥയുടെ കൈവശം സൂക്ഷിക്കേണ്ടതാണ്. മിനിറ്റ്സ് ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം രണ്ടാം വർഷം പൂർത്തീകരിക്കേണ്ട കല്ലുകയ്യാല, കോളനി നവീകരണം തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. മൂന്നാം വർഷത്തെ പ്രോജക്ടുകൾക്ക് എ.എസ്സും. റ്റി.എസ്സും ലഭിച്ചതേയുള്ളൂ. ഇതിൽ നിന്നും പ്രോജക്ട് പ്രവർത്തനം കാര്യക്ഷമമല്ല എന്ന് വ്യക്തമാകുന്നു. മേൽ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-32 പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ നൽകൽ -നിർവഹണത്തിലെ അപാകത.

2020- 21 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം സഹൃദയ കലാകായികസമിതി, വട്ടുകുന്നാംമല, ആലപ്ര പി.ഒ എന്ന സംഘത്തിന് സുവർണ്ണരാഗം മ്യൂസിക്കൽസ് കൽപ്പറ്റ എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങി നൽകിയ ഇനത്തിൽ ബിൽ നമ്പർ 12/20-21 പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്നും 131717/- രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതിവികസന ഫണ്ട് ചെലവഴിക്കുന്നതിനാവശ്യമായ പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് ഫണ്ട് ചെലവഴിച്ചിട്ടുള്ളത്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/20-21ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ചെലവ് തുക 131717/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-33 രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ -നടപടിക്രമങ്ങൾ പാലിക്കാത്തത്.

2020- 21 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 47/21 പ്രോജക്ട് പ്രകാരം സഹൃദയ കലാകായികസമിതി, വട്ടുകുന്നാംമല, ആലപ്ര പി.ഒ, ഭീംജി ആർട്സ് & സ്പോർട്സ് ക്ലബ് എന്നീ രണ്ട് സ്ഥാപനങ്ങൾക്ക് ഒളിമ്പിയസ്പോർട്സ് കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും സ്പോർട്സ് കിറ്റ് വാങ്ങി നൽകിയിട്ടുണ്ട്. ബിൽ നമ്പർ 13/20-21 പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്നും ഇതിനായി 8000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതിവികസന ഫണ്ട് ചെലവഴിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് ഫണ്ട് ചെലവഴിച്ചിട്ടുള്ളത്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/20-21ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ

ചെലവ് തുക 8000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 വി.ഇ.ഒ. നിർവ്വഹണം നടത്തിയ ഭവന നിർമ്മാണ /ഭവനപുനരുദ്ധാരണപ്രോജക്ടുകൾ - നിർവഹണത്തിലെ അപാകതകൾ.

2019-20, 20-21 സാമ്പത്തിക വർഷങ്ങളിലായി വിഇഒ നിർവ്വഹണം നടത്തിയ ഭവന നിർമ്മാണ/ഭവന*പുനരുദ്ധാരണ* പ്രോജക്ടുകളുടെ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയതിൽ ഫയലുകളിൽ ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ. ഫയലിൽ ഓരോ ഘട്ടങ്ങളിലും വിതരണം ചെയ്യുന്ന തുകയുടെ വിവരം, നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നതിനുള്ള അച്ചടിച്ച ഫോറങ്ങൾ വിവരങ്ങൾ രേഖപ്പെടുത്താതെ ഇട്ടിരിക്കുന്നു. ഗുണഭോക്താവ് തുക കൈപ്പറ്റിയതിന്റെ വിവരവും ഫയലിൽ ഇല്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഫയലിൽ ഇല്ല. രജിസ്റ്ററുകൾ തയ്യാറാക്കാത്തതിനാൽ ഓരോ ഗുണഭോക്താവും എത്ര തുക കൈപ്പറ്റി എന്നും പണി പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. ലൈഫ് ഭവന പദ്ധതി സംബന്ധിച്ച രജിസ്റ്റർ 2019-20 സാമ്പത്തിക വർഷം ആദ്യ മാസങ്ങൾ വരെ സാമാന്യം തൃപ്തികരമായി എഴുതിയിട്ടുണ്ട്. പിന്നീട് രജിസ്റ്ററിൽ ഒരു പേജിൽ തന്നെ നിരവധി ഗുണഭോക്താക്കളുടെ പേരെഴുതിയിട്ടുള്ളത് വെട്ടിത്തിരുത്തി വ്യക്തത ഇല്ലാതെ കാണപ്പെടുന്നു. ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നടപ്പാക്കിയ പ്രോജക്ടുകളുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ, അഡ്വാൻസ് കൈപ്പറ്റിയവർ , വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ച് തുക കൈപ്പറ്റിയിട്ടുള്ളവർ, പണി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയവർ തുടങ്ങിയ വിവരങ്ങൾ ഒന്നും ലഭ്യമല്ല. തൻമൂലം ഒരു ഘട്ടം പണിപൂർത്തീകരിച്ച് അടുത്ത ഗഡു തുക വാങ്ങുന്നതിന് വരുന്ന ഗുണഭോക്താക്കൾക്ക് മുൻപ് നൽകിയ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ തുക അനുവദിക്കുന്നതിന് സാധിക്കുന്നില്ല. മേൽ വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചു. വിഷയം പഞ്ചായത്ത് ഭരണസമിതിക്ക് ബോദ്ധ്യം വന്നിട്ടുള്ളതാണ് എന്ന് പ്രസിഡന്റ് മറുപടി നൽകുകയും വി.ഇ.ഒ.ശ്രീ. സുബിൻ ബാബു.കെ.എസിനെക്കൊണ്ട് രജിസ്റ്ററുകളും ഫയലുകളും തയ്യാറാക്കാൻ നടപടി സ്വീകരിക്കും എന്നും അറിയിച്ചിട്ടുണ്ട്. വി.ഇ.ഒയുടെ മേലധികാരികളുടെ ശ്രദ്ധയിൽ പ്രസ്തുത വിഷയം ഉന്നയിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയെ ചുമതലപ്പെടുത്തുന്നു.

1-35 കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾ.

കോവിഡ് 19 വ്യാപനം ഗ്രാമപഞ്ചായത്തിനെയും ബാധിക്കുകയുണ്ടായി. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ബ്രേക്ക് ദ ചെയിൻ കാംപെയിൻ ചെലവുകളായ മൈക്ക് അനൗൺസ്മെന്റുകൾ ,മാസ്കുകൾ,സാനിറൈസർ വിതരണം,പി.എച്ച്.സി ക്കാവശ്യമായ സഹായങ്ങൾ നല്കൽ, കോവിഡ് പ്രതിരോധ ഹോമിയോ മരുന്ന് വിതരണം,കമ്മ്യൂണിറ്റി കിച്ചൻ പരിപാലനം,കൺടൈൻമെന്റ് സോൺ വേർതിരിക്കൽ തുടങ്ങിയവയ്ക്കായാണ് പ്രധാനമായും ചെലവുകളുണ്ടായത്.പോലീസിന് ബാരിക്കേഡ് നിർമ്മിച്ച നല്കുന്നതിനും തുക ചെലവഴിക്കുകയുണ്ടായി.171368/- രൂപയാണ് 2020-21 ൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചത്.മികച്ച രീതിയിൽ സർക്കാർ ഉത്തരവുകൾ പാലിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

1-36 വിതരണം ചെയത് ലൈബ്രറി പുസ്തകങ്ങൾ തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് ലൈബ്രറിയിലെ ലൈബ്രറി ബുക്കുകളുടെ വിതരണരജിസ്റ്റർ പരിശോധിച്ചതിൽ പല ബുക്കുകളും കൈപ്പറ്റിയവർ ദീർഘകാലമായി കൈവശം വച്ചിരിക്കുന്നതായി കാണുന്നു. 2013-14 കാലഘട്ടത്തിൽ മുതൽ ഇഷ്യു ചെയ്ത 35 പുസ്തകങ്ങൾ തിരികെ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ബുക്കുകൾ തിരികെ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്

നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2020-21 | 17/07/2021 | 03/11/2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 37500 | ഇടവിളകൃഷി | 37500 |
| | 2020-21 | 190150 | പാലിയേറ്റിവ് കെയർ പരിചരണം | 190150 |
| | 2020-21 | 100000 | ലൈഫ് ഭവനനിർമ്മാണ പദ്ധതി (എസ്.റ്റി.) | 100000 |
| | 2020-21 | 420000 | ലൈഫ് ഭവനനിർമ്മാണ പദ്ധതി(എസ്.സി) | 420000 |
| | 2020-21 | 200000 | അനുപൂരക പോഷകാഹാരം-ജനറൽ | 200000 |

| | | | | |
|---|---|---|---|---|
| | 2020-21 | 99700 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 99700 |
| | 2020-21 | 325000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 325000 |
| | 2020-21 | 600000 | ലൈഫ് ഭവന പദ്ധതി (എസ്.റ്റി.) | 600000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 345903 | ലൈഫ് ഭവന പദ്ധതി (എസ്.സി.) | 345903 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 118686 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 118686 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2020-21 | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 350000 |

4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ.

പ്രവൃത്തികളുടെ നിർവഹണത്തിനായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 308/21,മണിമല എഫ്.എച്ച്.സി വൈദ്യുത കണക്ഷൻ | 24142 | 0 | 24142 |
| ഭൂജലവകുപ്പ് | 59/21,വിവിധ വാർഡുകളിൽ കുഴൽകിണർ മെയിന്റനൻസ് | 250000 | 0 | 250000 |
| ഭൂജലവകുപ്പ് | 66/21,കുഴൽകിണർ നിർമ്മാണം | 267000 | 0 | 267000 |
| വാട്ടർ അതോറിട്ടി | 57/21,എം.എച്ച് കോളനി പൈപ്പ് ലൈൻ നീട്ടൽ | 240000 | 0 | 240000 |
| സോഷ്യോ എക്കണോമിക് യൂണിറ്റ് | 235/21, ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 14400 | 0 | 14400 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | ജി.ഒ(എംഎസ്) നം.68/18/ എൽഎസ്ജിഡി തീയതി 18.5.18 | 35532452 | 3155393 | 2493373 | 482941 | | 5165825 |

ലോൺ രജിസ്റ്റർ പ്രകാരമുള്ള തൻവർഷ വരവ്, തിരിച്ചടവ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്നത് | 130139 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 10736 |
| ആകെ | 140875 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 140875 |

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി | പലിശ % |
|---|---|---|---|
| മണിമല സർവ്വീസ് കോപറേറ്റീവ് ബാങ്ക് | 130139 | 1 വർഷം | 8.25% |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 1 | 2003-04 | 3-5-1 | ജലസേചന | പരാമർശിത |

| | | | | | | |
|---|---|---|---|---|---|---|
| | ജനകീയാസൂത്രണം | | | | പദ്ധതികളിൽ പാഴ്ച്ചെലവ് | ജലസേചന പദ്ധതികളിൽ കൊന്നക്കളം ജലസേചനപദ്ധതി, കുറിഞ്ഞിപ്പുരയിടം ജലസേചനപദ്ധതി എന്നിവ നിലവിൽ പ്രവർത്തിക്കുന്നതായി പഞ്ചായത്തിൽ നിന്ന് അറിയിച്ചു. |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 9,15,77,451 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,67,57,466 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4308467 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1648588 | ഷെറിൻ അമ്പിളി ജെയിംസ്, അസി.എഞ്ചിനീയർ |
| 1-18 | 517984 | രേണുകാദേവി അമ്മാൾ എസ്, സെക്രട്ടറി |
| 1-22 | 964742 | രേണുകാദേവി അമ്മാൾ എസ്, സെക്രട്ടറി |
| 1-25 | 27229 | ഷോളി ഫിലിപ്പ്, അസി. സെക്രട്ടറി |
| 1-27 | 500000 | ഷോളി ഫിലിപ്പ്, അസി. സെക്രട്ടറി |
| 1-28 | 210000 | രേണുകാദേവി അമ്മാൾ എസ്, സെക്രട്ടറി |
| 1-29 | 150207 | ഡോ.മുഹമ്മദ് ആസിഫ്, മെഡിക്കൽ ഓഫീസർ പി എച്ച് സി, മണിമല |
| 1-30 | 150000 | രേണുകാദേവി അമ്മാൾ എസ്, സെക്രട്ടറി |
| 1-32 | 131717 | ഷോളി ഫിലിപ്പ്, അസി. സെക്രട്ടറി |

| | | |
|---|---|---|
| 1-33 | 8000 | ഷോളി ഫിലിപ്പ്, അസി. സെക്രട്ടറി |
| ആകെ | 4308467 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 വരവ് | എൽ.എഫ്.കെ.പി13/922 /അദാലത്ത് 14/28.11.14 | 1 |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി13/527 /അദാ./14/23.12.14 | 16 |
| 1998-99 വരവ് | എൽ.എഫ്.കെ.പി13/572 /അദാ./14/7.1.15 | 1 |
| 2000-01 2001-02 പ്ലാൻ | എൽ.എഫ്.കെ.പി13/1804 /16/05.12.17 | 9 |
| 2003-04 | എൽ.എഫ്.കെ.പി13/433 /15/11.11.15 | 9 |
| 2004-05 | എൽ.എഫ്.കെ.പി13/1384 /15/6.2.16 | 17 |
| 2005-06 | എൽ.എഫ്.കെ.പി13/434 /15/11.11.15 | 7 |
| 2006-07 | എൽ.എഫ്.കെ.പി13/16 /04/17.3.16 | 5 |
| 2007-08 | എൽ.എഫ്.കെ.പി13/435 /16/5.5.16 | 4 |
| 2008-09 | എൽ.എഫ്.കെ.പി13/1038 /16/12.06.17 | 15 |
| 2009-10,2010-11 | എൽ.എഫ്.കെ.പി13/1582 /14/30.10.15 | 20 |
| 2011-12 | എൽ.എഫ്.കെ.പി13/515 /16/07.09.16 | 11 |
| 2012-13 | എൽ.എഫ്.കെ.പി13/648 /16/30.05.17 | 7 |

| | | |
|---|---|---|
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി13/380/16/6.5.16 | 12 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി13/1501/16/29.04.17 | 18 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/1933/2016/13.12.16 | 22 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി 11/420/18/14.03.18 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി 11/420/18/14.03.18 | |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി 11/1143/1019 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്